# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ :- എസ്.ഹരികിഷോർ, ഐഎഎസ്)

വിഷയം:- ജില്ലകളിൽ കുടുംബശ്രീ ഉൽപ്പന്ന വിപണനത്തിനായി മാർക്കറ്റിംഗ് കിയോസ്ക് സ്ഥാപിക്കുന്നത്- സംബന്ധിച്ച്

പരാമർശം:- 05.07.2018-ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം

***<u>Order No. 6316/J/2018/KSHO dated 01.10.2018</u>***

ജൂൺ 11,12 ലെ പി.ആർ.എം ൽ മാർക്കറ്റിംഗിന്റെ ഭാഗമായി എല്ലാ ജില്ലയിലെയും ടൂറിസ്റ്റ് സ്പോട്ടിൽ മാർക്കറ്റിംഗ് കിയോസ്ക് സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിരുന്നു. എല്ലാ ജില്ലയിലും ഈ വർഷം കുറഞ്ഞത് 5 ടൂറിസ്റ്റ് സ്പോട്ടുകളിൽ ഒരു കിയോസ്ക് വീതം സ്ഥാപിക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഈ കിയോസ്ക് സ്ഥാപിക്കാൻ വേണ്ടി വരുന്ന ചെലവുകൾ സി.ഡി.എസ്സിന് ലഭിച്ചിട്ടുള്ള സി.ഇ.എഫ് ൽ നിന്നും വിനിയോഗിക്കുകയും സി.ഇ.എഫ് ന്റെ മാർഗ്ഗനിർദ്ദേശപ്രകാരം തിരിച്ച് അടയ്ക്കുകയും ചെയ്യേണ്ടതാണെന്ന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ഇപ്രകാരം സി.ഇ.എഫ് ൽ നിന്ന് ഫണ്ട് വിനിയോഗിച്ച് മാർക്കറ്റിംഗ് കിയോസ്ക് ആരംഭിക്കുന്നതിന്റെ സാങ്കേതിക തടസ്സമുണ്ടെന്ന് പല ജില്ലകളും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 05.07.2018 ന് നൽകിയ പരിപത്രം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന, സ്ത്രീ ശാക്തീകരണ രംഗത്ത് ലോകത്തിന് മാതൃകയായ കുടുംബശ്രീ ഉൽപാദന സംരംഭക മേഖലയിൽ ക്രിയാത്മകമായ ഇടപെടൽ നടത്തി വരികയാണ്. കുടുംബശ്രീയുടെ ലഘു സംരംഭകരുടെ വിവിധ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും ആവശ്യമായ വിപണി സഹായം നൽകുന്നതിനും വേണ്ടി നാനോ മാർക്കറ്റുകൾ, കിയോസ്കുകൾ, സ്പെഷ്യൽ ഫെയറുകൾ, മാസചന്തകൾ തുടങ്ങി വിവിധ തരത്തിലുള്ള മാർക്കറ്റിംഗ് സംരംഭങ്ങൾ കുടുംബശ്രീയ്ക്ക് ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കുറഞ്ഞത് അഞ്ച് സ്ഥലങ്ങളിൽ മാർക്കറ്റിംഗ് കിയോസ്കുകൾ സ്ഥാപി

ക്കാൻ ജില്ലകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ടി കിയോസ്കുകളുടെ നടത്തിപ്പിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1 കുടുംബശ്രീ ഉൽപ്പന്ന വിപണനത്തിനായുള്ള കിയോസ്ക് ഏതെങ്കിലും ഡിപ്പാർട്ട്മെന്റ് കെട്ടിടത്തിലോ, സ്ഥലത്തിലോ, പഞ്ചായത്തിന്റെ പൊതു സ്ഥലത്തോ പ്രവർത്തനരഹിതമായ കെട്ടിടത്തിലോ ആകാം. നിന്നോ, ഇരുന്നോ കച്ചവടം ചെയ്യാൻ കഴിയുന്ന രീതിയിലാകാം കിയോസ്ക്. നിലവിൽ കെട്ടിടങ്ങൾ ലഭ്യമല്ല എങ്കിൽ ലോഹനിർമ്മിത കിയോസ്കുകൾ ഇതിനായി പണികഴിപ്പിക്കാവുന്നതാണ്. കുറഞ്ഞത് 8 അടി നീളവും 4 അടി വീതിയും 7 അടി ഉയരവും ഇത്തരം കിയോസ്കുകൾക്ക് ഉണ്ടാകണം.

2. കിയോസ്കുകൾക്ക് കോമൺ ആയ ഒരു ബാനർ/നെയിം ബോർഡ് സംസ്ഥാനമിഷൻ തയ്യാറാക്കുന്നതാണ്.

3. കിയോസ്കുകൾ സ്ഥാപിക്കുന്നതിന്റെ ചുമതല അതാത് ജില്ലാമിഷനുകൾക്കായിരിക്കും. കിയോസ്കുകളുടെ നടത്തിപ്പ് ചുമതലയും മറ്റ് ഉത്തരവാദിത്തങ്ങളും കിയോസ്ക് ഉൾപ്പെടുന്ന സി.ഡി.എസ്സിന് നൽകേണ്ടതാണ്. വിപണനത്തിന് വേണ്ടി വ്യക്തിഗത എം.ഇ യൂണിറ്റിനെയോ സ്റ്റാഫിനേയോ സി.ഡി.എസിന് ജില്ലാമിഷന്റെ അംഗീകാരത്തോടെ ചുമതലപ്പെടുത്താവുന്നതാണ്.

4. നടത്തിപ്പിനായി തെരഞ്ഞെടുക്കുന്ന സി.ഡി.എസ്, സംരംഭകരുടെ യോഗം വിളിച്ച് ഉൽപ്പന്നങ്ങൾ സംരംഭകരിൽ നിന്ന് കിയോസ്കിൽ നിറയ്ക്കാൻ ഉള്ള നിർദ്ദേശം നൽകാവുന്നതാണ്. ഉൽപ്പന്നങ്ങൾ തീരുന്ന മുറയ്ക്ക് ചുമതലയുള്ള മാർക്കറ്റിംഗ് സി.ആർ.പി മാർ സംരംഭകരിൽ നിന്നും ഉൽപ്പന്നങ്ങൾ ശേഖരിച്ച് കിയോസ്കിൽ എത്തിക്കേതാണ്.

5. ജില്ലയിലെ ഡിഎംസിയുടെ നിർദ്ദേശ പ്രകാരം ഉൽപ്പന്നങ്ങളുടെ വിലയുടെ നിശ്ചിത തുക കിയോസ്ക് നടത്തിപ്പിനായി സംരംഭകരിൽ നിന്നും ഈടാക്കാവുന്നതാണ്. ടി തുകയായിരിക്കും ഇതിന്റെ നടത്തിപ്പിനുള്ള പ്രതിഫലം.

6. ഈ സാമ്പത്തിക വർഷം ഓണചന്തകൾ നടത്തുവാൻ വേണ്ടി ജില്ലകൾക്ക് മൊത്തം BD 05 ശീർഷകത്തിൽ നിന്നും 1,34,32,500/- രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രളയത്തെതുടർന്ന് തീരുമാനിച്ച പ്രകാരം ഓണചന്തകൾ നടത്താൻ സാധിച്ചിരുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ടി ശീർഷകത്തിൽ മൊത്തം

1,08,36,350/-രൂപ മിച്ചമുണ്ട്. ടി തുക 14 ജില്ലകളിലായി 5 വീതം മാർക്കറ്റിംഗ് കിയോസ്കുകൾ സ്ഥാപിക്കുവാനായി പുനർവിന്യാസം നടത്തി ഉത്തരവാകുന്നു. ഒരു കിയോസ്കിന് പരമാവധി 1.5 ലക്ഷം രൂപ ജില്ലാ മിഷന് നേരിട്ട് എൻ.ആർ. എൽ.എം 2018-19 ലെ ബഡ്ജറ്റിൽ നിന്നും പുതുതായി രൂപീകരിക്കുന്ന BD 15 എന്ന ശീർഷകത്തിൽ വകയിരുത്തി ചെലവഴിക്കാവുന്നതാണ്. ഇപ്രകാരം ആരംഭിക്കുന്ന കിയോസ്കുകളുടെ ഉടമസ്ഥാവകാശം ജില്ലാമിഷനുകൾക്കായിരിക്കും. ജില്ലാമിഷനുകളുടെ സ്റ്റോക്കിൽ ടി കിയോസ്കുകൾ ഉൾപ്പെടുത്തുന്നതിനും മാസം തോറും വിൽപ്പന വിവരം സംസ്ഥാനമിഷനെ അറിയിക്കുന്നതിനും ജില്ലാമിഷൻ - മാർക്കറ്റിംഗ് ഡി.പി.എം നടപടിയെടുക്കേണ്ടതാണ്.

7. ഒരു കിയോസ്കിനായി പരമാവധി ചിലവഴിക്കാവുന്ന 1.5 ലക്ഷം രൂപ കിയോസ്കിന്റെ നിർമ്മാണം, അലങ്കാരം, പ്രവർത്തന സജ്ജമാക്കൽ, ബാനർ/ബോർഡ്, ലൈസൻസ് ഫീ, രജിസ്ട്രേഷൻ, ആദ്യ സ്റ്റോക്കിന്റെ സമാഹരണം, മൂന്ന് മാസത്തേക്ക് സുസ്ഥിരത ഉറപ്പിക്കുവാനായുള്ള ഹാൻഡ് –ഹോൾഡിംഗ് മുതലായ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. ടി കിയോസ്കിന്റെ പ്രവർത്തനം എം.ഇ യൂണിറ്റിനെ ഏൽപ്പിക്കുന്ന പക്ഷം ആർ.എം.ഇ യുടെ ഭാഗമായുള്ള മറ്റ് പദ്ധതികളിൽ കൂടി ഉൾപ്പെടുത്തുന്നതിൽ തടസ്സമില്ല.
8. കിയോസ്കുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് സംസ്ഥാനമിഷനിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ.

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർ/ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ , (എസ്.എൽ)/എല്ലാ സെക്ഷനുകൾക്കും
2. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. വെബ് അഡ്മിനിസ്ട്രേറ്റർ

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ